# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.145 | | 12.07.2016-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| **പാർട്ണർ കേരള മിഷൻ** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.റോജി.എം.ജോൺ** | | **ശ്രീ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ്<br>ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | സംസ്ഥാനത്ത് പാർട്ണർ കേരള മിഷൻ രൂപീകരിച്ചിട്ടുണ്ടോ? വിശദമാക്കുമോ? | (എ) | ഉണ്ട്, 2014 ൽ നഗരസഭകളിലും ഡെവലപ്പ്മെന്റ് അതോറിറ്റികളിലും സ്വകാര്യ മൂലധനത്തിൽ പൊതുനിർമിതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ ഒരു നോഡൽ ഏജൻസി ആയിട്ടാണ് പാർട്ണർ കേരള മിഷൻ രൂപീകരിച്ചിട്ടുള്ളത് |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്, വിശദാംശങ്ങൾ എന്തെല്ലാം | (ബി) | (i) നഗരസഭകളിലും ഡെവലപ്പ്മെന്റ് അതോറിറ്റികളിലും സ്വകാര്യ മൂലധനത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക.<br>(ii) നഗരസഭകളിൽ നിന്നും ഡെവലപ്പ്മെന്റ് അതോറിറ്റികളിൽ നിന്നും സേവനം പൊതുജനങ്ങൾക്ക് പ്രാപ്തമാക്കുക.<br>(iii) അടിസ്ഥാന സൗകര്യ വികസനത്തിലൂടെ തൊഴിൽ സാധ്യതകൾ ലഭ്യമാക്കുക. |
| (സി) | എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതുവഴി നടത്തിയിട്ടുള്ളത് വിശദമാക്കുമോ ? | (സി) | ഇതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ പ്രത്യേക കുറിപ്പായി നൽകിയിരിക്കുന്നു<br>(i) അടിസ്ഥാന സൗകര്യ പദ്ധതികൾ പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പ് വഴി നടപ്പിലാക്കുന്നതിന് ആവശ്യമായ ഉത്തരവുകൾ, നിയമസംഹിതകൾ എഗ്രിമെന്റ്കൾ എന്നിവ സർക്കാർ പുറപ്പെടുവിച്ച് കഴിഞ്ഞിട്ടുണ്ട്.<br>(ii) പി.പി.പി പദ്ധതികൾ നടപ്പിലാക്കുന്നതിന് പ്രാപ്തരാക്കുന്നതിനായി പ്രാദേശിക സർക്കാർ ഭരണ സമിതിയിലുള്ള മേയർ, ഡെപ്യൂട്ടി മേയർ, നഗരസഭാ ചെയർമാൻ, വൈസ് ചെയർമാൻ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, പ്രതിപക്ഷ നേതാവ്, സെക്രട്ടറി. എഞ്ചിനീയർ, മറ്റ് ജീവനക്കാർ എന്നിവർക്ക് |

| | | | |
|---|---|---|---|
| | | | വിശദമായ പരിശീലനം നൽകിയിട്ടുണ്ട്.<br>(iii) പി.പി.പി. പദ്ധതികൾ നടപ്പിലാക്കുന്നതിൽ ബാങ്കുകൾക്കും ധനകാര്യ സ്ഥാപനങ്ങൾക്കും വളരെ വലിയ ഉത്തരവാദിത്തം ഉണ്ട്. ഇതിനായി സംസ്ഥാനത്ത് പ്രവർത്തിയ്ക്കുന്ന ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ചകൾ നടത്തുകയും അവർക്കുകൂടി അംഗീകരിയ്ക്കത്തക്ക രീതിയിൽ ആർ.എഫ്.ക്യൂ-ഉം, ആർ.എഫ്.പി.യും പുറപ്പെട്ടുവിച്ചിട്ടുണ്ട്.<br>(iv) സ്വകാര്യ മൂലധന സംരംഭകരിൽ വേണ്ടത്ര അവബോധം ഉളവാക്കുന്നതിനായി 7 ഇൻവെസ്റ്റർ മീറ്റുകൾ സംഘടിപ്പിച്ചിട്ടുണ്ട്.<br>(v) പ്രാദേശിക സർക്കാരുകളുടെയും, പൊതുജനങ്ങളുടെയും താൽപര്യങ്ങൾ പൂർണ്ണമായും സംരക്ഷിക്കുന്നതിനായി പ്രാദേശിക സർക്കാർ ഭരണകർത്താക്കളുമായി ചർച്ചചെയ്ത് പദ്ധതിയുടെ സേവനങ്ങൾക്കുള്ള യൂസർ ഫീസ് നിശ്ചയിച്ചിട്ടുണ്ട്.<br>(vi) പ്രാദേശിക സർക്കാരുകൾ ലഭ്യമാക്കിയ 44 പദ്ധതികൾ പ്രാരംഭ സാധ്യതാ പഠനത്തിന് വിധേയമാക്കുകയുണ്ടായി.<br>(vii) ഇതിൽ 24 പദ്ധതികൾക്ക് വിശദമായ സാധ്യതാ പഠനം പൂർത്തിയാക്കിയിട്ടുണ്ട്.<br>(viii) 1449 കോടി രൂപയുടെ 17 പദ്ധതികൾ ടെൻഡർ (ആർ.എഫ്.ക്യൂ) നടപടികളിലേയ്ക്ക് കടന്നിട്ടുണ്ട്.<br>(ix) 11 പദ്ധതികൾക്ക് ആർ.എഫ്.ക്യൂ ആപ്ലിക്കേഷൻ ലഭിച്ചിട്ടുണ്ട്.<br>(x) ഇതിൽ 7 പദ്ധതികൾക്ക് ഒന്നിലധികം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.<br>(xi) മൂന്ന് സ്ലോട്ടർ ഹൗസ് പദ്ധതികളുടെ ആർ.എഫ്.പി. പ്രാദേശിക സർക്കാരുകളുടെ പരിഗണനയിലാണ്.<br>(xii) രണ്ട് പദ്ധതികൾക്ക് ആർ.എഫ്.പി. നൽകിക്കഴിഞ്ഞു.<br>(xiii) ഒരു പദ്ധതിയുടെ ടെക്നിക്കൽ ബിഡും ഫിനാൻഷ്യൽ ബിഡും പരിശോധന പൂർത്തിയാക്കി ലെറ്റർ ഓഫ് അവാർഡിന് തയ്യാറായിട്ടുണ്ട്.<br>(xiv) ഈ സാമ്പത്തിക വർഷം 2500 കോടി രൂപയുടെ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്.<br>(xv) ഇതിൽ 1567 കോടി രൂപയുടെ പദ്ധതികളുടെ സാധ്യതാ പഠനം പൂർത്തിയാക്കി കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ